समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം



## ആത്യന്തിക വിലയിരുത്തൽ I 2025-2026

## അടിസ്ഥാനപാഠാവലി

ക്ലാസ്: 7 സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

---

**(1) വായിക്കാം, എഴുതാം**

ഓരോ വിളവിലെയും നെല്ലിൽ ഒരു ഭാഗം അടുത്ത കൊല്ലം വിതയ്ക്കുന്നതിനായി കൃഷിക്കാർ വിത്തായി നീക്കി വയ്ക്കുന്നു. വിത്തിന് കരുതുന്ന നെല്ല്, പൊടിയും പതിരും പാറ്റിക്കളഞ്ഞ് ഉണക്കി സൂക്ഷിക്കുന്നു. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലെ കടുപ്പമുള്ള മണ്ണിളക്കിയാണ് അടുത്ത കൃഷി ആരംഭിക്കുന്നത്. ഒന്നോ രണ്ടോ മഴ പെയ്തു തറയ്ക്ക് ഈർപ്പം കിട്ടുമ്പോൾ മണ്ണിളക്കുന്ന പണി തുടങ്ങുന്നു. മഴ ഉണ്ടായില്ലെങ്കിൽ സമീപത്തുള്ള കുളങ്ങളിലെയോ പുഴകളിലെയോ വെള്ളം ചാലുകളിൽ കൂടി തിരിച്ചുവിട്ട് വയലുകൾ നനയ്ക്കാറുണ്ട്. നുകവും കലപ്പയും വച്ചു കെട്ടിയ കന്നുകാലികളെ നടത്തി നിലം ഉഴുത് മണ്ണിളക്കുകയാണ് പതിവ്. ചില പ്രദേശങ്ങളിൽ കടുപ്പം കൂടിയ മണ്ണ്, തൂമ്പ കൊണ്ട് കിളച്ചു മറിച്ചതിനു ശേഷമേ ഉഴവ് നടത്തുകയുള്ളൂ. ഇങ്ങനെ മണ്ണിളക്കി, കട്ടയുടച്ച്, നിലം ഒരുക്കിക്കഴിഞ്ഞാൽ വിതയ്ക്കുന്ന കാലമായി. ചാണകപ്പൊടിയും ചാരവും വിത്തും കൂട്ടിക്കലർത്തി അതിൽനിന്ന് ഓരോ നുള്ളു വീതം തുടരെ ഉഴവുചാലിലിട്ട് മണ്ണുകൊണ്ടു മൂടുന്നു. സാധാരണയായി മീനം, മേടം എന്നീ മാസങ്ങളിലെ കൃഷിക്കാണ് ഇപ്രകാരം വിത്തു വിതയ്ക്കുന്നത്.

a) വിതയ്ക്കാനുള്ള നെല്ല് സൂക്ഷിക്കുന്ന വിധം ഏതാണ്?

A. പൊടിയും പതിരും പാറ്റിക്കളഞ്ഞ് ഉണക്കി സൂക്ഷിക്കുന്നു
B. പത്തായത്തിൽ അടച്ച് സൂക്ഷിക്കുന്നു
C. നനച്ച് മുണ്ടിൽ കെട്ടി സൂക്ഷിക്കുന്നു
D. പാടങ്ങളിൽ സൂക്ഷിക്കുന്നു.

b) 'മഴ ഉണ്ടായില്ലെങ്കിൽ സമീപമുള്ള കുളങ്ങളിലെയോ പുഴകളിലെയോ വെള്ളം ചാലുകളിൽ കൂടി തിരിച്ചുവിട്ട് വയലുകൾ നനയ്ക്കാറുണ്ട്.'

തന്നിരിക്കുന്ന വരിയുടെ ആശയവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

A. വയലുകൾക്ക് അടുത്താണ് പുഴകൾ
B. കൃഷിക്ക് വെള്ളം അത്യാവശ്യമാണ്
C. പുഴയിലും കുളത്തിലും വെള്ളമുണ്ട്
D. വെള്ളം ചാലുകളിൽ കൂടി ഒഴുകുന്നു



For complete preparation materials visit www.educationobserver.com

c) മീനം, മേടം മാസങ്ങളിലെ വിതയിൽ വിത്തിന് ഒപ്പം ചേർക്കുന്നത്.

A. ചാണകപ്പൊടിയും ചാരവും
B. മണലും ചാരവും
C. ചാണകപ്പൊടിയും പച്ചിലയും
D. പച്ചിലയും ചാരവും

d) 'മഴപെയ്യുമ്പോൾ മണ്ണിളക്കുന്ന പണി ആരംഭിക്കും'.
മഴകൊണ്ട് മണ്ണിനുണ്ടാകുന്ന ഗുണം എന്താണ്.

A. മണ്ണിന്റെ വളക്കൂറ് വർധിക്കുന്നു.
B. കല്ലുകൾ തെളിഞ്ഞു വരുന്നു
C. മണ്ണിന്റെ കാഠിന്യം കുറയുന്നു.
D. മണ്ണിൽ വെള്ളം കെട്ടി നിർത്താൻ സാധിക്കുന്നു.

## (2) പഴഞ്ചൊൽ വിശകലനം

a) 'തിന വിതച്ചാൽ തിന കൊയ്യും
വിന വിതച്ചാൽ വിന കൊയ്യും'.

ഗ്രാമത്തിന് ഐശ്വര്യമേകുന്ന കാർഷിക പ്രവൃത്തികൾ, 'ഗ്രാമശ്രീകൾ ' എന്ന പാഠത്തിൽ നമ്മൾ പരിചയപ്പെട്ടു. തന്നിരിക്കുന്ന പഴഞ്ചൊല്ല് വിശകലനം ചെയ്ത്, 'ഗ്രാമശ്രീകൾ' എന്ന പാഠത്തിലെ ആശയങ്ങളുമായി ബന്ധപ്പെടുത്തി എഴുതുക.

b) ദേശക്കുമ്മാട്ടികളുടെ കാര്യത്തിൽ ശരിയായ പ്രസ്താവനകൾ ഏത്.

I. ആശാന്മാരുടെ നേതൃത്വത്തിൽ പൊയ്മുഖങ്ങൾ ഒരുക്കി ചായം കൊടുക്കും.
II. പാർപ്പടകപ്പുല്ല് ചെറുപ്പക്കാർ തലേദിവസം ശേഖരിക്കും.
III. കാഴ്ചക്കാരുടെ സാന്നിധ്യത്തിൽ കുമ്മാട്ടി വേഷം കെട്ടും.

A. ഒന്നും മൂന്നും ശരി
B. ഒന്നും രണ്ടും ശരി
C. രണ്ടും മൂന്നും ശരി
D. മൂന്ന് മാത്രം ശരി

c) കാര്യകാരണ ബന്ധം നോക്കി ശരി ഉത്തരം കണ്ടെത്തുക.
കാര്യം : 14 ദിവസം മഞ്ഞിലും വെയിലിലുമിട്ട് ഉണക്കുന്നു.
കാരണം : വിത്തിന് സ്വാഭാവികപ്രതിരോധശേഷി ഉണ്ടാകുവാൻ.

A. കാര്യം ശരി, കാരണം ശരി
B. കാര്യം തെറ്റ്, കാരണം ശരി
C. കാര്യം തെറ്റ്, കാരണം തെറ്റ്
D. കാര്യവും കാരണവും ഭാഗികമായി തെറ്റ്



For complete preparation materials visit www.educationobserver.com

**ചുവടെ കൊടുത്ത 3A, 3B എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

**(3A) നോട്ടീസ്**

വിദ്യാലയത്തിലെ കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ 'ശാസ്ത്രീയവിത്തുപരിപാലനം' എന്ന വിഷയത്തിൽ കുട്ടികൾക്കായി അവബോധക്ലാസ് സംഘടിപ്പിക്കുന്നു. കൃഷി ഓഫീസറാണ് ക്ലാസ് നയിക്കുന്നത്. തലക്കെട്ട്, തീയതി, സമയം, കാര്യപരിപാടി, പങ്കെടുക്കുന്നവർ എന്നിവ ഉൾപ്പെടുത്തി നോട്ടീസ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(3B) പോസ്റ്റർ**

ഓണക്കാലത്ത് നമ്മുടെ നാട്ടിലെ നാടൻകലാസംഘം കുമ്മാട്ടിക്കളി സംഘടിപ്പിക്കുന്നു. പരിപാടിയുടെ വിശദാംശങ്ങൾ പങ്കുവച്ചുകൊണ്ട് തലക്കെട്ട്, പോസ്റ്റർ വാചകം, തീയതി, സമയം, സ്ഥലം, പശ്ചാത്തലചിത്രം എന്നിവ ഉൾപ്പെടുത്തി പോസ്റ്റർ തയ്യാറാക്കുക.

**ചുവടെ കൊടുത്ത 4A, 4B എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

**(4A) വിശകലനക്കുറിപ്പ്**

'വിത്ത് സംരക്ഷിക്കുന്നതിൽ ചെറുവയൽ രാമന്റെ രീതികൾ മാതൃകാപരമാണ്.' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(4B) കുറിപ്പ്**

'വിത്ത് ഒരത്ഭുതമാണ്.' പരമ്പരാഗതരീതിയിൽ വിത്തു ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്ത് കൃഷി ചെയ്യുന്നതിലെ മെച്ചങ്ങളും പരിമിതികളും, താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**(5) വിവരണം**

'നിലമറിഞ്ഞു വിത്തു വിതയ്ക്കണം'

'വിത്തെന്ന മഹാദ്ഭുതം' എന്ന പാഠത്തിൽ വിവിധയിനം കൃഷി രീതികൾ നമ്മൾ പരിചയപ്പെട്ടു. നമുക്ക് പരിചയമുള്ള കൃഷിയുമായി ബന്ധപ്പെട്ട വിത്തുശേഖരണം, സൂക്ഷിക്കൽ, നടീൽരീതി, പരിപാലനം എന്നിവ വിശദീകരിച്ചുകൊണ്ട് വിവരണം തയ്യാറാക്കുക.



For complete preparation materials visit www.educationobserver.com

**(6) ആസ്വാദനക്കുറിപ്പ്**

ചോറ്

വിതയ്ക്കാനാളെക്കിട്ടിയില്ല,
വിതച്ചത് കൊയ്യാനും.
കൊയ്ത്ത് കാണാൻ
വരുന്നില്ല കൊറ്റികൾ,
വരമ്പത്ത് കൊഴിഞ്ഞ
വേദനകൾ പെറുക്കാൻ
കുനിഞ്ഞില്ല വെയിൽ.
മെതിക്കാനാളെക്കിട്ടിയില്ല,
മെതിച്ചത് പാറ്റാനും.
കൊത്തിപ്പെറുക്കാനും
കൊത്തിപ്പാറാനും
എത്തി നോക്കിയില്ല കോഴികൾ.

മോഹനകൃഷ്ണൻ കാലടി

'ഗ്രാമശ്രീകൾ' എന്ന കവിതയിൽ കൃഷിയെയും ഗ്രാമത്തിന്റെ ഐശ്വര്യമായ കർഷകരെയും പരിചയപ്പെട്ടു. 'ചോറ്' എന്ന കവിതയിലെ കൃഷി അനുഭവങ്ങളുമായി അവയെ ബന്ധപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.



For complete preparation materials visit www.educationobserver.com